അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... കുറ്റ്യാടിയിൽ ദളിത് യുവതി കൂട്ടബലാത്സംഗത്തിനിരയാകുകയും സമാനരീതിയിൽ സ്ത്രീകളും കുട്ടികളും അതിക്രമങ്ങൾക്ക് ഇരയാകുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ റോജി എം. ജോൺ, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ.കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തര പ്രമേയത്തിൽ കേരളത്തിലുണ്ടായ ചില സംഭവങ്ങളെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. ആ സംഭവങ്ങളിലെല്ലാം ശക്തമായ നടപടിയാണ് പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. പ്രതികളെ അറസ്റ്റ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോഴിക്കോട് കുറ്റ്യാടി സ്വദേശിനിയെ പീഡിപ്പിച്ച സംഭവത്തിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തി ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും പോക്സോ നിയമത്തിലെയും പട്ടികജാതി-

പട്ടികവർഗ്ഗ പീഡന നിരോധന നിയമത്തിലെയും വകുപ്പുകൾപ്രകാരം കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം 754/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് 4 പ്രതികളെയും 20-10-2021-ൽ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. പെൺകുട്ടിയിൽനിന്നും ലഭിച്ച കൂടുതൽ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം കോട്ടക്കര സ്വദേശിനിയായ പെൺകുട്ടിയെ ലൈംഗികാതിക്രമത്തിന് വിധേയമാക്കാൻ ശ്രമിച്ച സംഭവത്തിൽ ക്രൈം 770/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതിയെ കസ്റ്റഡിയിലെടുത്ത് മലപ്പുറം ജുവനൈൽ ജസ്റ്റിസ് ബോർഡ് മുമ്പാകെ ഹാജരാക്കി ഒബ്സർവേഷൻ ഹോമിൽ പാർപ്പിച്ചുവരുന്നു. തിരുവനന്തപുരം വിതുരയിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതുസംബന്ധിച്ച് ഐ.പി.സി.-യിലെയും പോക്സോ നിയമത്തിലെയും ബന്ധപ്പെട്ട വകുപ്പുകൾപ്രകാരം വിതുര പോലീസ് സ്റ്റേഷനിൽ ക്രൈം 1845/2021 ആയി 25-10-2021-ന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2018-ലും സമാന സംഭവമുണ്ടായി എന്നതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

കോട്ടയ്ക്കൽ സ്വദേശിനിയായ 17 വയസ്സുള്ള പെൺകുട്ടിയെ പീഡിപ്പിച്ച് പ്രസവിക്കാനിടയായ സംഭവത്തിലും ക്രൈം 494/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും കേസിലെ പ്രതിയെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കോട്ടയം കുറിച്ചി സ്വദേശിയായ വ്യക്തി ആത്മഹത്യ ചെയ്ത സംഭവത്തിൽ ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ക്രൈം 1660/2021 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നുണ്ട്. പീഡനത്തിന് ഉത്തരവാദിയായ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കോഴിക്കോട് മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 409/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. കൊല്ലം കരിക്കോട് സ്വദേശിനിയായ യുവതിയെ മയക്കുമരുന്ന് കലർന്ന ദ്രാവകം നൽകി പീഡിപ്പിച്ച് ദൃശ്യങ്ങൾ പകർത്തിയ സംഭവത്തിൽ ചേവായൂർ പോലീസ് സ്റ്റേഷനിൽ 09-09-2021-ൽ ക്രൈം 574/2021 ആയി കേസ് രജിസ്റ്റർ ചെയ്യുകയും പ്രതികളെ അറസ്റ്റ് ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ലൈംഗികാതിക്രമങ്ങളുടേയും ബന്ധപ്പെട്ട

കുറ്റകൃത്യങ്ങളുടേയും എണ്ണം കുറഞ്ഞുവരുന്നുവെന്നാണ് കാണാൻ കഴിയുന്നത്. വനിതകൾക്കെതിരെയുള്ള ആക്രമണങ്ങൾക്കായി 2016-ൽ 15114 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പോൾ 2020-ൽ ഇതിന്റെ എണ്ണം 12659 ആയി ചുരുങ്ങി. ബലാത്സംഗ കേസ്സുകളുടെ എണ്ണം 2017-ൽ 2003 ആയിരുന്നത് 2020-ൽ 1880 ആയി കുറഞ്ഞു. മറ്റ് പീഡന കേസ്സുകൾ 2017-ൽ 4413 ആയിരുന്നത് 2020-ൽ 3890 ആയി കുറഞ്ഞു. സ്ത്രീധന പീഡനത്തെത്തുടർന്നുള്ള മരണം 2017-ൽ 12 ആയിരുന്നത് 2020-ൽ 6 ആയി കുറഞ്ഞു. പ്രമേയാവതാരകൻ 2021 ആഗസ്റ്റ് വരെയുള്ള കണക്കായ 9594-നെക്കുറിച്ചാണ് പറയുന്നത്. ഇതിൽ മനസ്സിലാക്കേണ്ടത് സ്ത്രീകൾക്കെതിരെയുള്ള ആക്രമണങ്ങൾ കുറഞ്ഞു വരുന്നുവെന്നതാണ്. എന്നാൽ ഇതുകൊണ്ട് സർക്കാർ തൃപ്തമല്ല. നമുക്കാർക്കും ഈ കുറവുകൊണ്ട് മാത്രം തൃപ്തിപ്പെടാനുമാകില്ല. ഒരു സ്ത്രീയും പീഡിപ്പിക്കപ്പെടാത്ത ഒരു സമൂഹമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അതിനുതകുന്ന ഇടപെടലാണ് സർക്കാർ നടത്തുന്നത്. അതിനായുള്ള വിവിധ പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഉത്തരേന്ത്യയിലെ ചില സംഭവങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിലും ഇത്തരം സംഭവങ്ങൾ നടക്കുന്നുവെന്നാണ് ആരോപണം. കേരളീയ

സമൂഹത്തെക്കുറിച്ച് നടത്തിയിട്ടുള്ള ഈ പരാമർശം ആരെ വെള്ളപൂശാനാണെന്നുള്ളത് പ്രമേയാവതാരകൻതന്നെ ആലോചിച്ചാൽ മതി. പ്രമേയാവതാരകൻ സൂചിപ്പിച്ച എല്ലാ സംഭവങ്ങളിലും പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്, ആവശ്യമായ വകുപ്പുകൾ ചുമത്തി കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാ പ്രതികൾക്കും നിയമം അനുശാസിക്കുന്ന ശിക്ഷ ഉറപ്പാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു പ്രശ്നമായി ഇതിനെ കാണേണ്ടതില്ല.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിവരിച്ച നിരവധിയായ കേസുകൾ കേരളത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ ഒരു സാക്ഷ്യവും കുറ്റസമ്മതവുമാണ്. ഇന്നലെയോ ഇന്നോ ആരെങ്കിലും പീഡിപ്പിക്കപ്പെട്ടോ മരണപ്പെട്ടോ എന്നതിന്റെ മാത്രം അടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായിട്ടുള്ള അല്ലെങ്കിൽ അവരുടെ അരക്ഷിത ജീവിതത്തെ സംബന്ധിച്ച് ഒരു നിയമ നിർമ്മാണ സഭയുടെ ഉത്കണ്ഠകളും അതുപോലെതന്നെ അടിയന്തര പരിഗണനകൾക്കും മാനദണ്ഡമാകേണ്ടതല്ല. കേരളത്തിൽ കഴിഞ്ഞ കുറച്ചു നാളുകളായി സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ

നടന്നുകൊണ്ടിരിക്കുന്ന അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചുവരികയാണ്. നിരവധി കേസുകൾ മുഖ്യമന്ത്രിതന്നെ ഇവിടെ പരാമർശിക്കുകയുണ്ടായി. കേരള പോലീസിന്റെ കണക്കുകളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന് സൗകര്യപ്രദമായ ചില കണക്കുകൾ ഇവിടെ വായിച്ചു. ഈ കണക്കനുസരിച്ച് 2021 ആഗസ്റ്റ് മാസംവരെ സ്ത്രീകൾക്കെതിരായി സംസ്ഥാനത്ത് നടന്ന അതിക്രമങ്ങൾ (കോഗ്നൈസബിൾ ക്രൈംസ്) 9,594 ആണ്. 2016-ൽനിന്നും 2021-ലേയ്ക്ക് എത്തിയപ്പോൾ കേസുകളുടെ എണ്ണം കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അദ്ദേഹം സൗകര്യപ്രദമായ കണക്കുകൾ മാത്രമാണ് വായിച്ചത്. 2016-ൽ റേപ് കേസുകൾ 1,656 ആണ്. അത് 2020 എത്തിയപ്പോഴേയ്ക്കും 1,880 ആയി വർദ്ധിച്ചു. എങ്ങനെയാണ് കേസുകൾ കുറയുന്നത്? മൊളെസ്റ്റേഷൻ കേസുകളായാലും മറ്റ് കേസുകളായാലും ഓരോന്നും പരിശോധിക്കുമ്പോഴും സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അതുപോലെതന്നെ 2016-ൽ 957 പോക്സോ കേസുകളായിരുന്നു രജിസ്റ്റർ ചെയ്തിരുന്നതെങ്കിൽ 2021 ആഗസ്റ്റുവരെ മാത്രം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത് 958 കേസുകളാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞ

നിരവധിയായ കേസുകളുണ്ട്. ഇത് കേരളത്തിൽത്തന്നെയാണോ നടക്കുന്നതെന്ന് നമ്മൾ അതിശയിച്ചുപോകുന്ന തരത്തിലാണ് പല കുറ്റകൃത്യങ്ങളുടെയും റിപ്പോർട്ടുകൾ പുറത്തുവരുന്നത്. കഴിഞ്ഞ മൂന്നുമാസത്തിനിടെ മൂന്ന് കൂട്ടമാനഭംഗങ്ങളാണ് കേരളത്തിൽ അരങ്ങേറിയത്. ഇവിടെ പരാമർശിച്ച കുറ്റ്യാടിയിലെ പ്രായപൂർത്തിയാകാത്ത ദളിത് പെൺകുട്ടിയെ പ്രണയിച്ച് നാലുപേർ സംഘം ചേർന്ന് പീഡിപ്പിച്ചു. പ്ലസ് ടു വിദ്യാർത്ഥിനിയായ പെൺകുട്ടിയെ ടൂറിസം കേന്ദ്രത്തിൽ കൊണ്ടുപോയാണ് പീഡിപ്പിച്ചത്. കടുത്ത മാനസിക സമ്മർദ്ദത്തെ തുടർന്ന് വീടുവിട്ടിറങ്ങി ഒരു പുഴയുടെ തീരത്തെ പാലത്തിന്റെ സമീപം സംശയാസ്പദമായ സാഹചര്യത്തിൽ ആ പെൺകുട്ടിയെ നാട്ടുകാർ കണ്ടെത്തുകയും പോലീസിനെ വിവരം അറിയിക്കുകയും ചെയ്തു. ആ കുട്ടി ആത്മഹത്യയ്ക്ക് ശ്രമിക്കുകയായിരുന്നുവെന്നാണ് നാട്ടുകാർ പറയുന്നത്. മറ്റൊരു കേസിൽ കൊല്ലം സ്വദേശിനിയായ യുവതിയെ പ്രണയം നടിച്ച് കോഴിക്കോട് ഫ്ളാറ്റിൽ വിളിച്ചുവരുത്തി കൂട്ടബലാത്സംഗത്തിന് ഇരയാക്കിയത് ഏതാനും നാളുകൾക്കുമുമ്പുമാത്രമാണ്. വീടുവിട്ടിറങ്ങിയ മാനസികവൈകല്യമുള്ള ചേവായൂരിലെ യുവതിയെ ഷെഡിൽ നിർത്തിയിരുന്ന ബസിൽ മൂന്നുപേർ

മാനഭംഗപ്പെടുത്തിയത് രണ്ടുമാസം മുമ്പായിരുന്നു. മലപ്പുറം കൊണ്ടോട്ടിയിൽ....., ...(ബഹളം).... ഇതുതന്നെയാണ് കേരളം ചർച്ച ചെയ്യേണ്ട വിഷയം. കാരണം സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് സംസാരിക്കുമ്പോൾ അപ്പുറത്തിരിക്കുന്ന വനിതാ അംഗങ്ങളുടെപോലും മനോഭാവം ഇതാണെങ്കിൽ കേരളം എങ്ങനെ രക്ഷപ്പെടും? മലപ്പുറം കൊണ്ടോട്ടിയിൽ നടന്നുപോകുകയായിരുന്ന പെൺകുട്ടിയെ ബലാത്സംഗം ചെയ്യാൻ ശ്രമിച്ചത് 15 വയസ്സുകാരനാണ്. പീഡനം ചെറുത്ത 22-കാരിയായ പെൺകുട്ടിയെ കല്ലുകൊണ്ടിടിച്ച് ഗുരുതരമായി പരിക്കേൽപ്പിച്ചു. പരിക്കേറ്റ പെൺകുട്ടി ആശുപത്രിയിലാണ്. വണ്ടിപ്പെരിയാറിലെ 6 വയസ്സുകാരിയെ നിരവധി തവണ ക്രൂരപീഡനത്തിന് ഇരയാക്കി ലയത്തിലെ ഡി.വൈ.എഫ്.ഐ. നേതാവും റെഡ് വോളന്റിയറുമായ പ്രതി കൊന്ന് കെട്ടിത്തൂക്കിയ നടുക്കുന്ന സംഭവം അരങ്ങേറിയിട്ട് അധികം നാളുകളായില്ല. ഞാനതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. പോയാൽ അപ്പുറത്തിരിക്കുന്ന പല ആളുകളുടെയും ഇത്തരം വിഷയങ്ങളിലെ യഥാർത്ഥ മനോഭാവം എന്താണെന്ന് വെളിവാകും. മലപ്പുറം ജില്ലയിലെ പാണ്ടിക്കാട്ട് 2016-ൽ പീഡനത്തിനിരയായ പെൺകുട്ടി

2021-ൽ തന്റെ 17-ാമത്തെ വയസ്സിൽ മൂന്നാമതും പീഡനത്തിരയായിയെന്ന നടുക്കുന്ന വാർത്ത നമ്മുടെ മുമ്പിലുണ്ട്. 2016-ൽ ആദ്യ പോക്സോ കേസിൽ രജിസ്റ്റർ ചെയ്യപ്പെടുകയും സർക്കാരിന്റെ നിർഭയ ഹോമിൽ പാർപ്പിക്കപ്പെടുകയും ചെയ്ത ഒരു കൊച്ചുപെൺകുട്ടിയാണ് പുറത്തിറങ്ങിയതിനുശേഷം പിന്നീട് വീണ്ടും നിരവധി ആളുകളാൽ പീഡനത്തിനിരയായത്. നമ്മുടെ കേരളത്തിലെ ഒരു കൊച്ചു പെൺകുട്ടിയുടെ അവസ്ഥയാണിത്. നമ്മുടെ സ്ത്രീ-ശിശു സുരക്ഷാ സംവിധാനങ്ങളുടെ നടത്തിപ്പിലെ ഭയാനകമായ വീഴ്ചകളുടെ മകുടോദാഹരണമല്ലേ ഇത്? മലപ്പുറം കോട്ടയ്ക്കലിൽ പീഡനത്തിനിരയായ പതിനേഴുകാരി യു-ട്യൂബ് നോക്കി പരസഹായമില്ലാതെ പ്രസവിച്ച വാർത്ത ഇന്നത്തെ പത്രങ്ങളിൽ നമ്മൾ വായിച്ചതാണ്. ഇത് ഉത്തരേന്ത്യയിലൊന്നുമല്ല. ഇതുപോലെ സമാനമായ സംഭവം മൂന്നുവർഷങ്ങൾക്കുമുമ്പ് ഉത്തരേന്ത്യയിലുണ്ടായിട്ടുണ്ട്. അതേ രീതിയിൽ കേരളത്തിൽ പതിനേഴ് വയസ്സുള്ള ഒരു പെൺകുട്ടി പീഡനത്തിനിരയായി ഗർഭിണിയായി പുറത്താരും അറിയാതെ റൂമിനുള്ളിൽ പരസഹായമില്ലാതെ യു-ട്യൂബ് നോക്കി പ്രസവിച്ചു. മൂന്നു ദിവസങ്ങൾക്കുശേഷം ആ കുട്ടി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടു.

ഇതെവിടെയാണ് നടക്കുന്നത്; ഇതാണോ പ്രബുദ്ധ കേരളം? ഒരു വശത്ത് പതിനഞ്ചു വയസ്സുകാരൻ ഇരുപത്തിഒന്ന് വയസ്സുകാരിയെ ക്രൂരമായി പീഡിപ്പിക്കാൻ ശ്രമിക്കുന്നു. മറുവശത്ത് പതിനേഴ് വയസ്സുകാരി യു-ട്യൂബ് നോക്കി സ്വന്തം റൂമിൽ പ്രസവിക്കുന്നു. എവിടെയാണ് നമ്മുടെ സംവിധാനങ്ങൾ? ആ പെൺകുട്ടിക്ക് ഈ കാലയളവിൽ നമ്മുടെ ഔദ്യോഗിക സംവിധാനങ്ങളുമായോ പഠിപ്പിക്കുന്ന സ്കൂളിലെ അദ്ധ്യാപകരുമായോ ബന്ധപ്പെടാൻ സാധിച്ചില്ലെന്നുപറഞ്ഞാൽ പിന്നെ എന്ത് സംവിധാനമാണ് നമ്മുടെ നാട്ടിൽ നിലവിലുള്ളത്? ക്രൂര പീഡനത്തിനിരയായി നീതിതേടി ഭരണസംവിധാനത്തിലും നിയമപരിപാലന സംവിധാനങ്ങൾക്കും മുന്നിലേയ്ക്ക് എത്തുന്ന കുഞ്ഞുങ്ങളെപ്പോലും തുടർ ആക്രമണങ്ങളിൽനിന്നും സുരക്ഷിതമാക്കാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ പിന്നെയെന്തിനാണ് പൊതുജനങ്ങളുടെ നികുതിയിൽനിന്ന് ആനുകൂല്യങ്ങൾ പറ്റി പല സംവിധാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും നമ്മളൊക്കെ ഇവിടെയിരിക്കുന്നതും. വനിതാ കമ്മീഷനും ചൈൽഡ് വെൽഫെയർ കമ്മിറ്റിയും സെക്ഷ്വൽ ഹരാസ്മെന്റ് റിഡ്രെസ്സൽ കമ്മിറ്റിയുമൊക്കെ ഒന്നുകിൽ പിരിച്ചുവിടണം

അല്ലെങ്കിൽ അവർക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്ത് ഒരുക്കുവാൻ സർക്കാർ തയ്യാറാകണം. വാട്ട്സ് ആപ്പിലൂടെ മോശമായ സന്ദേശങ്ങൾ നിരന്തരമായി പെൺകുട്ടികൾക്ക് അയയ്ക്കുന്നതിന്റെ പേരിൽ ചെമ്പഴന്തി കോളേജിലെ അദ്ധ്യാപകനെതിരെ 9 പെൺകുട്ടികൾ പരാതി നൽകിയിരിക്കുകയാണ്. പ്രതി അദ്ധ്യാപക സംഘടനാ നേതാവായതുകൊണ്ട് സെക്ഷ്വൽ ഹരാസ്മെന്റ് റിഡ്രെസ്സൽ കമ്മിറ്റി പരാതി കൊടുത്ത പെൺകുട്ടികളെ വിളിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഈ ബഹളം വയ്ക്കുന്ന ആളുകൾ പോയി അന്വേഷിക്കണം. ഈ സാഹചര്യത്തിൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പാഠ്യപദ്ധതിയിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ഈ സഭ ചർച്ച ചെയ്യേണ്ടതല്ലേ? കേസുകൾ ഇങ്ങനെ വിവരിക്കാൻ തുടങ്ങിയാൽ ഒരുപാട് പറയേണ്ടിവരും. ഭരണകക്ഷി അംഗം ശ്രീ. എം. രാജഗോപാലൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിച്ച ഒരു ചോദ്യം, 'സംസ്ഥാനത്ത് തുടരെ തുടരെ ഉണ്ടാകുന്ന സ്ത്രീപീഡനങ്ങളിലെ ഇരകൾക്ക് നീതികിട്ടാനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും അതിക്രമങ്ങൾക്ക് തടയിടാനും പ്രതികൾക്ക് മുൻകൂർ ജാമ്യം

ലഭിക്കാതിരിക്കാനുമുള്ള കടുത്ത നടപടികൾ സ്വീകരിക്കുമോ' എന്നാണ്. കേരളത്തിൽ ഇത്തരത്തിലുള്ള കേസുകളിൽ ഉൾപ്പെടുന്നവർക്ക് മുൻകൂർ ജാമ്യം ലഭിക്കുവാനുള്ള എല്ലാ സംവിധാനങ്ങളും സൗകര്യങ്ങളും ഈ ഭരണത്തിന്റെ കീഴിലുണ്ടെന്ന് ഒരു ഭരണകക്ഷി എം.എൽ.എ. തന്നെ ഇതിലൂടെ സാക്ഷ്യപ്പെടുത്തുകയാണ്. ഇത്തരം കേസുകളിൽ പോലീസിന്റെ സമീപനം എന്താണ്? ...പ്രിയപ്പെട്ട എ. എൻ. ഷംസീർ, എന്നെക്കൊണ്ട് വണ്ടിപ്പെരിയാറിലെ കേസും കോട്ടയത്തുണ്ടായ കേസൊന്നും പറയിപ്പിക്കരുത്. അതൊക്കെ പറഞ്ഞാൽ നമ്മുടെ ഇപ്പോഴുള്ള ഈ സൗഹൃദം ഇല്ലാതാകും. അത്രയധികം കേസുകളാണ് കേരളത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ, അങ്ങ് എരിതീയിൽ എണ്ണ ഒഴിക്കണ്ട. ചെയറിനെ അഡ്രസ് ചെയ്യൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) : സർ, തുടർച്ചയായി ഇങ്ങനെ പ്രസംഗം തടസ്സപ്പെടുത്തുന്നത് ശരിയാണോ? അങ്ങ് പറയൂ.....

മി. സ്പീക്കർ: അങ്ങോട്ട് അഭിസംബോധന ചെയ്തല്ല അംഗങ്ങൾ പ്രസംഗിക്കേണ്ടത്. ചെയറിനെയാണ് അഭിസംബോധന ചെയ്യേണ്ടത്.

ചെയർ ഇടപെടുന്നുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: ഇത്രയും ഗുരുതരമായിട്ടുള്ള ഒരു വിഷയം, നമ്മുടെ നാട്ടിലെ സ്ത്രീകൾക്ക്, നമ്മുടെ അമ്മമാർക്ക്, പെൺമക്കൾക്ക്, പെങ്ങന്മാർക്ക്, നമ്മുടെ പെൺകുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് ഈ സഭയിൽ ചർച്ചചെയ്യുമ്പോൾ എന്തിനാണ് ഇത്ര അസ്വസ്ഥത പ്രകടിപ്പിക്കുന്നത്? നമ്മൾ യോജിച്ച് ഭരണ-പ്രതിപക്ഷ വ്യത്യാസംകൂടാതെ ഇത്തരം വിഷയങ്ങളെ അഡ്രസ് ചെയ്യേണ്ട ഉത്തരവാദിത്വം നമ്മൾ ഓരോരുത്തർക്കുമില്ലേ? ആ ഉത്തരവാദിത്വം നമ്മൾ ഭംഗിയായി നിർവ്വഹിച്ചിട്ടില്ലെങ്കിൽ നാളെ കേരളത്തിലെ പൊതുസമൂഹം നമ്മളെനോക്കി എന്തു ചോദിക്കും. അതുകൊണ്ടാണ് ഈ വിഷയം പ്രതിപക്ഷം ഇവിടെ കൊണ്ടുവരുന്നത്. ഈ വിഷയങ്ങൾ ചർച്ച ചെയ്യപ്പെടുകതന്നെ വേണം. ഇത്തരം വിഷയങ്ങളിൽ പോലീസിന്റെ സമീപനമെന്താണ്; ഇത്തരം കുറ്റകൃത്യങ്ങളിൽ പോലീസിന് ഉത്തരവാദിത്തമുള്ള എന്ത് സംവിധാനമാണുള്ളത്? പോക്കറ്റടി കേസുകളോ അതിർത്തി തർക്കമോ കൈകാര്യം ചെയ്യുന്ന രീതിയിലേയ്ക്ക് ഇന്ന് സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ വരികയാണ്. ഇതൊരു

വാർത്തയല്ലാതായി മാറുന്നു. അനുദിനമുണ്ടാകുന്ന ഏതെങ്കിലുമൊരു കേസ്സെന്ന രീതിയിലേയ്ക്ക് ഇത്തരം കേസ്സുകൾ മാറുന്നത് അതീവ ഗുരുതരമായ വിഷയമല്ലേ? തിരുവനന്തപുരത്ത് അനുപമ എന്ന അമ്മയ്ക്കുണ്ടായ സംഭവം നമുക്കറിയാം. പാർട്ടി കമ്മിറ്റികൂടി കുട്ടിയെ തിരികെ നൽകാൻ തീരുമാനിച്ചതുകൊണ്ട് പോലീസിന് ഈ കേസുമായി മുന്നോട്ട് പോകാം. ഇതുപോലെ മാധ്യമങ്ങളുടെ ശ്രദ്ധയിൽപ്പെട്ട് വിവാദമായി പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യുന്ന എത്ര കേസുകളാണ്. അതിനകത്ത് കൃത്യമായ അന്വേഷണം നടക്കും. എത്ര കേസുകൾ നമ്മുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്നുണ്ടെന്നുള്ളത് ചിന്തിക്കേണ്ട കാര്യമല്ലേ? പല കേസുകളിലും പോലീസ് സെറ്റിൽമെന്റ് നടത്താൻ ശ്രമിക്കുന്നു. അവരെ ബോധവൽക്കരിക്കണമെന്ന് പറഞ്ഞത് പുതുതായി ചുമതലയേറ്റ സംസ്ഥാന വനിതാ കമ്മീഷന്റെ ചെയർപേഴ്സൺ ആണ്. അത് ഗൗരവമായി കാണേണ്ട കാര്യമല്ലേ? ഇത്തരം കേസുകളിൽ ആഭ്യന്തര വകുപ്പിന്റെയും നിയമ വകുപ്പിന്റെയുമൊക്കെ കുറ്റകരമായ നടപടികൾ പരിശോധിക്കേണ്ടതല്ലേ? കേരള മന:സാക്ഷിയെ പിടിച്ചുകുലുക്കിയ വാളയാറിലെ പോക്സോ കേസുപോലും എത്ര നിരുത്തരവാദപരമായിട്ടാണ്

കേരള പോലീസ് കൈകാര്യം ചെയ്തതെന്ന് നമ്മൾ കണ്ടതല്ലേ? കഴിഞ്ഞ 5 വർഷങ്ങളിലെ പോക്സോ കേസ്സുകളിലെ ശിക്ഷാ നിരക്ക് കേവലം 2.87 ശതമാനമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ കണക്ക്. 2014-15 കാലഘട്ടത്തിൽ ഇത് വളരെ ഉയർന്ന നിലയിലേയ്ക്കുപോയി. 18 ശതമാനംവരെയുണ്ടായിരുന്നു. പോലീസിനെ സംബന്ധിച്ച് ലാ ആൻഡ് ഓർഡർ, ക്രൈം ഇൻവെസ്റ്റിഗേഷൻ എന്നീ രണ്ട് ഉത്തരവാദിത്തങ്ങളുണ്ട്. ഇക്കാര്യങ്ങളിൽ പോലീസിന് കൃത്യമായ അന്വേഷണം നടത്താനുള്ള സൗകര്യം ഒരുക്കിക്കൊടുക്കണം. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ഓരോ ജില്ലയിലും പ്രത്യേക പരിശീലനം ലഭിച്ച സ്പെഷ്യൽ പോലീസ് ടീമിനെ രൂപീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ദയവുചെയ്ത് അവർക്ക് മറ്റ് കേസ്സുകൾ കൊടുക്കരുത്. അത്തരം സ്പെഷ്യൽ ടീമുകളെ രൂപീകരിച്ചുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കേസ്സുകളിൽ കൃത്യമായ അന്വേഷണം നടത്തി കൃത്യമായ റിപ്പോർട്ട് തയ്യാറാക്കി സമയബന്ധിതമായി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചെങ്കിൽ മാത്രമേ ഇത്തരം കേസ്സുകളിൽ

പ്രതികളായ ആളുകൾ ശിക്ഷിക്കപ്പെടുകയുള്ളൂ. അതിന് പ്രത്യേക കോടതികളുൾപ്പെടെ രൂപീകരിച്ചുകൊണ്ട് ഇനി സംസ്ഥാനത്ത് ഇത്തരം കേസുകളുണ്ടാവില്ലെന്ന നിലയിലേയ്ക്ക് എത്തേണ്ടതുണ്ട്. ഈ ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഞാൻ എന്തോ മറച്ചുവയ്ക്കാൻ ശ്രമിച്ചുവെന്ന മട്ടിൽ ബഹുമാന്യനായ അംഗം ഒരുകാര്യം അവതരിപ്പിക്കുകയുണ്ടായി. റേപ് കേസിന്റെ എണ്ണം ഞാൻ കുറച്ച് പറഞ്ഞു, എന്തോ മറച്ചുവച്ചു എന്നരീതിയിലാണ് അദ്ദേഹം പറഞ്ഞത്. അത് 2017-ൽ 2003-ഉം, 2018-ൽ 2005-ഉം, 2019 -ൽ 2023-ഉം, 2020-ൽ 1850-ഉം ആയിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. മേല്പറഞ്ഞ വർഷങ്ങളിലെ എണ്ണത്തിലുണ്ടായ കുറവ് വലിയതോതിൽ അഭിമാനിക്കാനുള്ള വകയൊന്നുമല്ല. കാരണം ഇത്രയുമുണ്ടല്ലോ? പക്ഷേ ഇതുണ്ടായിട്ടുണ്ടെന്നുള്ളത് നാം കാണാതിരിക്കരുത്. കേരളീയ സമൂഹത്തിൽ നാം ചില പ്രത്യേകതകൾ എപ്പോഴും കാണുന്നുണ്ട്. അതിൽനിന്ന് വ്യത്യസ്തമായ സംഭവങ്ങളുണ്ടാകുമ്പോൾ നമ്മളിലാരിലും ഉത്കണ്ഠയുണ്ടാകും. അത്

പരിഹരിക്കുന്നതിനാവശ്യമായ നടപടികളുണ്ടാവുക എന്നതാണ് ഏറ്റവും പ്രധാനം. ചില സംഭവങ്ങളുണ്ടാകുമ്പോൾ അതിൽ ഇടപെടുന്നതിലോ, കേസ് രജിസ്റ്റർ ചെയ്യുന്നതിലോ, അറസ്റ്റ് ചെയ്യുന്നതിലോ, തുടർനടപടികൾ സ്വീകരിക്കുന്നതിലോ പോലീസിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച സംഭവിച്ചോ? അദ്ദേഹം പ്രമേയത്തിലെഴുതി ഉന്നയിച്ച കാര്യങ്ങളെക്കുറിച്ചാണ് ഞാൻ ആദ്യഭാഗത്ത് പറഞ്ഞത്. ആ സംഭവങ്ങളിൽ ചിലത് അദ്ദേഹം വീണ്ടും ഇവിടെ ആവർത്തിച്ചിട്ടുണ്ട്. പക്ഷേ ആ സംഭവങ്ങളിലേതിലെങ്കിലും ഇടപെടുന്നതിൽ സർക്കാർ സംവിധാനത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ടോ? ആ ഒരു പരാതി ബഹുമാന്യനായ അംഗത്തിനുതന്നെയില്ല. മറ്റേ വികാരത്തോട് ഞാനും പൂർണ്ണമായി പങ്കുചേരുകയാണ്. കുറ്റ്യാടിയിൽ സംഭവിച്ചതുപോലെ നാലുപേരുകൂടി ഒരു പാവപ്പെട്ട പെൺകുട്ടിയെ പീഡിപ്പിച്ച സംഭവമുണ്ടാകാൻ പാടില്ല. അതിൽ നമുക്കെല്ലാം ഒരേവികാരം തന്നെയാണ്. പക്ഷേ അതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച സർക്കാർ സംവിധാനത്തിനുണ്ടായെന്ന് കാണാൻ കഴിയില്ല.

അതുപോലെ, കൊല്ലത്തുള്ള യുവതിയെ പ്രണയം നടിച്ച് കോഴിക്കോട് എത്തിച്ച് ബലാത്സംഗം ചെയ്ത സംഭവം അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിൽ സർക്കാർ സംവിധാനത്തിന് വീഴ്ച സംഭവിച്ചുവെന്ന പരാതിയില്ല. അത്തരം സംഭവങ്ങളുണ്ടാകാൻ പാടുണ്ടോ? നമുക്കെല്ലാവർക്കും ഒരേ വികാരമാണ്, ഉണ്ടാകാൻ പാടില്ല. പ്രണയം ഇത്തരം കാര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാനുള്ളതല്ലല്ലോ? പ്രണയത്തിന്റെ ഭാഗമായി നടക്കാൻ പാടില്ലാത്തത് നടക്കുമ്പോൾ നമ്മളെല്ലാവരും ഒരേ വികാരമാണല്ലോ അതിൽ പ്രകടിപ്പിച്ചിട്ടുള്ളത്. നടക്കാൻ പാടില്ലാത്ത കാര്യം സമൂഹത്തിൽ സംഭവിക്കുമ്പോൾ നമുക്കെല്ലാം ഒരേ വികാരത്തോടെ അതിനെ സമീപിക്കാൻ കഴിയുന്നുണ്ട്. സർക്കാരിന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ? ഇക്കാര്യം പരിശോധിച്ചാൽ അങ്ങനെ വീഴ്ച സംഭവിച്ചുവെന്ന് പറയാൻ കഴിയില്ല.

മലപ്പുറത്തെ കൊണ്ടോട്ടിയിലെ സംഭവം അദ്ദേഹം പറയുകയുണ്ടായി. നമുക്ക് സാധാരണഗതിയിൽ അത് ഊഹിക്കാൻ കഴിയുമോ? 15 വയസ്സുള്ള കുട്ടി, പാലിന്റെ മണം മാറാത്ത കുട്ടിയെന്ന് നമ്മൾ ചെറിയ കുട്ടികളെക്കുറിച്ച് സാധാരണ പറയാറുള്ളതുപോലെ, ആ കുട്ടിയാണ് മറ്റൊരു വഴിയിലേയ്ക്ക്

മാറുന്നത്. ആ കുട്ടി ഒരു യുവതിയെ കടന്നുപിടിക്കാനും ബലാത്സംഗം ചെയ്യാനും ശ്രമിക്കുകയാണ്. നമ്മുടെ സമൂഹത്തിലത് സംഭവിക്കാൻ പാടുണ്ടോ? അത് സംഭവിക്കാൻ പാടില്ലാത്തതാണ്. അതിൽ നമുക്ക് ഒരേ വികാരമാണ്. ഇതിലൊന്നും രണ്ട് വികാരത്തിന്റെ പ്രശ്നമില്ല. ആ സംഭവത്തിന്റെ നടപടികളിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചോ? കൃത്യമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്.

ഇതാണോ 'പ്രബുദ്ധ കേരളം' എന്നതിന്റെ ഭാഗമായി ഈ 15 വയസ്സുകാരന്റെ അനുഭവവും യു ട്യൂബ് നോക്കി പ്രസവിച്ച പെൺകുട്ടിയുടെ അനുഭവവും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. നമ്മളെല്ലാവരും പറയുന്നതും അഭിമാനിക്കുന്നതുമായ ആ പ്രബുദ്ധ കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്തതാണിതെന്നതിൽ സംശയമില്ല. പക്ഷേ, ഇതാണോ കേരളത്തിലാകെ സംഭവിച്ചുകൊണ്ടിരിക്കുന്നത്; കേരളം അത്തരമൊരു നാടായി മാറിയിട്ടുണ്ടോ? നമുക്കങ്ങനെ പറയാൻ കഴിയില്ല. അതേസമയം സംഭവിക്കാൻ പാടില്ലാത്ത കാര്യം സംഭവിച്ചിരിക്കുന്നു. ആ സംഭവത്തിൽ കുറ്റം ചെയ്തവർക്ക് ശിക്ഷ ഉറപ്പാക്കുംവിധമുള്ള നടപടിയാണ് സർക്കാർ സംവിധാനത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്.

ഇവിടെ പലതരത്തിലുള്ള സംവിധാനങ്ങളെന്തിനാണെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ പലതരത്തിലുള്ള സംവിധാനങ്ങളാണ് സർക്കാർ ഒരുക്കിയിട്ടുള്ളത്. നേരത്തെ പലഘട്ടങ്ങളിലും അത് സൂചിപ്പിച്ചതാണ്. എങ്കിലും അദ്ദേഹം അത് പറഞ്ഞതുകൊണ്ട് ഒന്നുകൂടി ഞാൻ ആവർത്തിക്കുകയാണ്. കഴിഞ്ഞ ജൂൺ മാസത്തിൽ നാം ആരംഭിച്ചതാണ് 'അപരാജിത' എന്ന പദ്ധതി. കേരളത്തിലുണ്ടാകാൻ പാടില്ലാത്ത ചില സംഭവങ്ങളുണ്ടായതിന്റെ ഭാഗമായി സ്വീകരിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ നോഡൽ ഓഫീസറായി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെയാണ് നിയമിച്ചിട്ടുള്ളത്. വളരെ ഫലപ്രദമായി അത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുണ്ടായാൽ അതനുഭവിക്കുന്ന പെൺകുട്ടി അല്ലെങ്കിൽ സ്ത്രീ ഈ നമ്പരിൽ വിളിച്ച് പറയുമ്പോഴാണ് അവർക്ക് ഇടപെടാൻ കഴിയുന്നത്. അതിന് ഒട്ടേറെ നടപടിക്രമങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതുപോലെ നമ്മുടെ സ്ത്രീകൾ യാത്രയിൽ ഇപ്പോൾ അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്നു, അത് സ്ത്രീകൾ മാത്രമല്ല; മുതിർന്ന പൗരന്മാർക്കും സംഭവിക്കാം. അതിന്

'നിഴൽ' എന്നൊരു പദ്ധതി ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി കേരളത്തിന്റെ ഏതു ഭാഗത്തുനിന്നും ഏതു സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാം. വിളിക്കുന്നയാൾ ഉള്ള സ്ഥലം അദ്ദേഹം പറയേണ്ടതില്ല, ആധുനികവിദ്യയുടെ സഹായത്തോടെ ഫോൺ സ്വീകരിക്കുന്നയാൾക്ക് മനസ്സിലാക്കാൻ കഴിയുകയും കമാന്റ് സെന്റർ കൃത്യമായി ഇടപെടാനും കഴിയുകയും ചെയ്യും. അതുപോലെ തന്നെ ചിലപ്പോൾ നമ്പർ ഡയൽ ചെയ്യാൻ കഴിയാത്ത സാഹചര്യമാണെന്നു വിചാരിക്കുക. അത്തരം സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നു തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കും. കമാന്റ് സെന്ററുകളിൽ നിന്നും വിളിച്ച് കാര്യങ്ങൾ അന്വേഷിക്കുന്ന നിലയുണ്ടാകും. 112 ഇന്ത്യ എന്ന മൊബൈൽ ആപ്പിലെ panic button അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. പിങ്ക് പോലീസ് പട്രോൾ എന്നത് നമ്മൾ ധാരാളം ചർച്ചചെയ്ത കാര്യമാണ്, അതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്തരത്തിലുള്ള വിവിധ പദ്ധതികൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരികയാണ്. ഇപ്പോൾ സ്ത്രീകൾക്കുണ്ടാകുന്ന വിവിധ പ്രശ്നങ്ങൾ കേൾക്കാനും പരിഹാരം

നിർദ്ദേശിക്കാനുമുള്ള ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന പേരിൽ നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വനിതാവികസന വകുപ്പിന്റെ വാട്സ് ആപ്പ് ഹെൽപ്പ് ലൈനുണ്ട്. അതും നല്ല രീതിയിൽ പ്രവർത്തിച്ചുവരികയാണ്. തപാൽവകുപ്പുമായി ചേർന്നുള്ള 'രക്ഷാദൂത്' എന്ന പദ്ധതിയുണ്ട്. '181' എന്ന 'മിത്രാ ഹെൽപ്പ് ലൈനു'ണ്ട്. സ്ത്രീകളുടെ പരാതി കേൾക്കാനുള്ളതാണിത്. അതുപോലെതന്നെ ഗാർഹിക ലൈംഗിക അതിക്രമങ്ങൾക്കിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം നൽകാനുള്ള വൺ സ്റ്റോപ്പ് സെന്ററുകളുണ്ട്. 'നിർഭയ' ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന പദ്ധതിയാണിത്. ഇത്തരത്തിലുള്ള വിവിധ പദ്ധതികളാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്.

ഇവിടെ ഏതു കാര്യത്തിലും ഫലപ്രദമായ നടപടിയെടുത്തു പോവുക, ആക്ഷേപകരവും കുറ്റകരവുമായ സംഭവങ്ങളുണ്ടായാൽ ഫലപ്രദമായി ഇടപെടുക എന്ന നിലയാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇവിടെ അദ്ദേഹം വേറെ ചില നിർദ്ദേശങ്ങൾ വച്ചത് പഠനരീതിയിലും കോഴ്സുകളിലും പാഠ്യ സമ്പ്രദായങ്ങളിലും ആവശ്യമായ മാറ്റം വരുത്തണമെന്നതാണ്. ചില

കാര്യങ്ങളിൽ വേണ്ട രീതിയിൽ കാലാനുസൃതമായ മാറ്റങ്ങൾ പഠനരീതികളിൽ വരുത്തുന്നതിന് സർക്കാർ എതിരല്ല; മാത്രമല്ല അതുമായി ബന്ധപ്പെട്ട് ചില നടപടികൾ സ്വീകരിക്കണമെന്ന് നേരത്തെ തന്നെ നാം കണ്ടിട്ടുള്ളതുമാണ്. നമ്മുടെ സംസ്ഥാനത്ത് ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികളുണ്ട്. പോക്സോ കേസുകൾ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നീ കേസുകൾ വേഗം തീർക്കുക എന്നുള്ളത് പ്രധാനമാണ്. കുറ്റകൃത്യങ്ങളുടെ നിരക്ക് കൂടിയാൽ ആവശ്യമായ നിയമസഹായം ആദ്യം മുതൽ ലഭ്യമാകുക എന്നത് ഏറ്റവും പ്രധാനമാണ്. ഇക്കാര്യത്തിൽ രാജ്യത്താകെയുള്ള സ്ഥിതിഗതികൾ വച്ചുകൊണ്ട് സുപ്രീം കോടതിയടക്കം വ്യക്തതയാർന്ന നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഭാഗമായി സംസ്ഥാനത്തും കൂടുതൽ ശക്തമായ രീതിയിൽ ഈ അന്വേഷണങ്ങൾ നടത്തുക, അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥർ കൃത്യമായ കാലയളവിൽ ആ പോസ്റ്റിൽ തന്നെയുണ്ടാകുക. പ്രത്യേകം നിയമപരമായ പരിശീലനം അവർക്ക് ലഭ്യമാക്കുക; ഈ നിയമങ്ങളെക്കുറിച്ച് നല്ല അവഗാഹം പോലീസ് ഉദ്യോഗസ്ഥർക്കുണ്ടാകുക; അത്തരം കാര്യങ്ങളെല്ലാം സർക്കാർ തന്നെ ഇതിന്റെ ഭാഗമായി നടപ്പാക്കാനാണ്

ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്താകെ ഇതിനുമാത്രമായി ഇത്തരം കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് നീങ്ങുന്നതിനുള്ള ഒരു സംവിധാനം പോലീസ് സേനയ്ക്കകത്ത് ഒരുക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിന്റെ പ്രത്യേകത തകർക്കുന്ന രീതിയിലുള്ള സംഭവങ്ങളുണ്ടാകുമ്പോൾ നാം അതിനെ ഗൗരവമായി കാണുകയും ശക്തമായ നടപടിയിലേയ്ക്ക് നീങ്ങുകയും ചെയ്യും. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയുമുണ്ടാകില്ല. ഈ പറഞ്ഞ കാര്യങ്ങളിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ ഒരു പ്രശ്നവും ഉദിക്കുന്നില്ല എന്നു തന്നെയാണ് വീണ്ടും എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഒരു സമൂഹം പരിഷ്കൃതമാണോ അല്ലയോ എന്നു തീരുമാനിക്കുന്നത് ആ സമൂഹം എങ്ങനെയാണ് അവിടെയുള്ള

സ്ത്രീകളോട് പെരുമാറുന്നത് എന്നത് അളവുകോലാക്കിയിട്ടാണ്. അതാണ് അളവുകോലെങ്കിൽ കേരളം ഒരു പരിഷ്കൃതസമൂഹമാണെന്ന് നമുക്കഭിമാനിക്കാൻ പറ്റാത്ത ഒരു സാഹചര്യത്തിൽ നാം എത്തിനിൽക്കും. മുഖ്യമന്ത്രിയുടെ മറുപടിയുടെ രണ്ടാം ഭാഗം, അദ്ദേഹം വളരെ വിശദമായി ചെയ്യാൻ ഉദ്ദേശിക്കുന്ന ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. അതുതന്നെ ഞങ്ങൾ ഈ വിഷയം നിയമസഭയിൽ കൊണ്ടുവന്നതിന്റെ സാംഗത്യം ഉയർത്തിപ്പിടിക്കേണ്ട ഒന്നാണ്. കത്വാവോ, ഉന്നാവ്, ഹത്രാസിലൊക്കെ കൂട്ട മാനഭംഗങ്ങൾ നടന്നപ്പോൾ ദേശീയതലത്തിൽ ചർച്ച ചെയ്യപ്പെട്ടു. ആ ചർച്ചയിൽ നമ്മളും പങ്കാളികളായി. കുഞ്ഞുങ്ങളോടും പെൺകുട്ടികളോടും ഇങ്ങനെ പെരുമാറുന്നതു കണ്ടിട്ട് നമ്മുടെ മനസ്സിൽ ആധിയും തീയുണ്ടായി. ആ സംഭവങ്ങളെ നമ്മൾ കരുതിയത് വടക്കേ ഇന്ത്യയിലെ വിദൂര ഗ്രാമങ്ങളിലെ അപരിഷ്കൃതമായ സാഹചര്യങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളാണെന്നാണ്. അതേ കാര്യങ്ങൾ നമ്മുടെ ഈ പ്രബുദ്ധർ എന്ന് ശ്രീ. റോജി എം. ജോൺ വിശേഷിപ്പിച്ച ഇവിടെ കേരളത്തിൽ സംഭവിക്കുമ്പോൾ നമുക്ക് ഉത്കണ്ഠ വേണ്ടേ; നമുക്ക് ഉത്കണ്ഠയുണ്ടാകണമല്ലോ. ഇപ്പോൾ കുറ്റ്യാടി, കോഴിക്കോട്, മലപ്പുറം, വിതുര, കുറിച്ചി എന്നിവിടങ്ങളിലും ഏറ്റവും

അവസാനം എം. ജി. യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഒരു വനിതാ വിദ്യാർത്ഥി നേതാവ് അപമാനിക്കപ്പെട്ടു; പാലായിലെ കോളേജ് വിദ്യാർത്ഥിനിയെ പട്ടാപ്പകൽ നടുറോഡിലിട്ട് കുത്തിക്കൊന്നു; കോതമംഗലത്ത് വെടിവച്ചു കൊന്നു. കണക്കൊന്നും പറഞ്ഞ് നമ്മൾ തർക്കിക്കേണ്ട ഒരു വിഷയമല്ലയിത്, മുഖ്യമന്ത്രി പറഞ്ഞതുകൊണ്ട് ഞാൻ പറയുകയാണ്.

അങ്ങ് വായിച്ച അതേ പേപ്പറിൽ ഒരു കണക്കുണ്ട്. റേപ്പിന്റെ കണക്ക്; 2016-ൽ 1656 ആയിരുന്നു. 2020- 1880 ആയി. ഇപ്പോൾ ഈ 7 മാസം കൊണ്ട് 1446 ആയി ഈ വർഷം അത് വർദ്ധിച്ചിരിക്കുകയാണ്. ചുറ്റുപാടുകളിൽ കാണുന്നൊരു റിപ്പോർട്ടുകളാണ്. ഇത് റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളാണ്. പ്രാദേശിക വാർത്തകൾ പല സ്ഥലത്തും വേറെയുണ്ട്. സംസ്ഥാനതലത്തിൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത കാര്യങ്ങളും പല രീതിയിലുള്ള പ്രശ്നങ്ങളുമുണ്ട്. മുഖ്യമന്ത്രി പറഞ്ഞപ്പോൾ പോലീസ് കേസെടുത്തില്ലേ; എന്നാണ് ചോദിക്കുന്നത്. ഒരു പ്രധാനപ്പെട്ട ചോദ്യമുണ്ട്. പോലീസിന്റെ ജോലി ഇൻവെസ്റ്റിഗേഷൻ മാത്രമാണോ; കുറ്റകൃത്യം നടന്നുകഴിഞ്ഞാൽ. പ്രിവെൻഷനില്ലേ; പ്രിവെൻഷൻ ഓഫ് ക്രൈം എന്നു പറയുന്നത് ഒരു പ്രത്യേക കുറ്റകൃത്യങ്ങൾ കേരളത്തിൽ വ്യാപകമായി

ആവർത്തിക്കപ്പെടുമ്പോൾ ആ കുറ്റകൃത്യങ്ങൾ നടക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രിവെൻഷൻ, അതുകൂടി പോലീസിന്റെ ഡ്യൂട്ടിയല്ലേ; അല്ലാതെ ഇൻവെസ്റ്റിഗേഷൻ മാത്രമാണോ; പോലീസിംഗ് എന്നു പറഞ്ഞു കഴിഞ്ഞാൽ...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അത് ഒരു ഭാഗമാണ്. പക്ഷേ ഇപ്പോൾ 15 വയസ്സുള്ള കുട്ടി, അതേവരെ ഒരു തരത്തിലുള്ള കുറ്റകൃത്യത്തിലും പങ്കാളിയായിട്ടില്ല എന്ന് പൊതുസമൂഹം തന്നെ പറയുന്നു. നിങ്ങളാ കുട്ടിയുടെ കാര്യത്തിൽ എന്തു കരുതലാണ് ആദ്യം എടുക്കുക; പെട്ടെന്ന് ഒരു ദിവസം ആ കുട്ടി .... നടപ്പാക്കുന്ന ഒരു കാര്യം അതുപോലുള്ള സംഭവങ്ങളും നമ്മുടെ സമൂഹത്തിൽ ഉണ്ടാകുന്നില്ലേ;

ശ്രീ. വി. ഡി. സതീശൻ: സർ, നമുക്കൊരു വലിയ മെസ്സേജ് കൊടുക്കാൻ കഴിയണം എന്നതിനെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഒരു ക്രൈം നടക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടന്നു. ക്രൈം നടന്നാൽ അവിടെ നിന്നും ഇവെസ്റ്റിഗേഷൻ മുതൽ പ്രോസിക്യൂഷൻ കേസും തെളിവുമുണ്ടാക്കി സ്ട്രോങ് കേസ്സാക്കി അതിനെ കോടതിയിലേയ്ക്ക് മാറ്റി ഇവർക്ക് ശിക്ഷ ഉറപ്പായും വാങ്ങി കൊടുക്കുന്നതുവരെ പോലീസിന്

ഉത്തരവാദിത്വമുണ്ട്. വാളയാറിൽ ......നമ്മൾ പരാജയപ്പെട്ടു. കോടതി തന്നെ പറഞ്ഞു; ദയനീയമായി നമ്മൾ പരാജയപ്പെട്ടു. കെട്ടിത്തൂക്കപ്പെട്ടത് 9 വയസ്സും 13 വയസ്സുമുള്ള 2 ദളിത് പെൺകുട്ടികളാണ്. അതൊക്കെ കൊടുക്കുന്നൊരു (wrong message) തെറ്റായ സന്ദേശമുണ്ട്. നമ്മളിത് അന്വേഷിക്കണ്ടേ; എന്തുകൊണ്ടാണ് സ്ത്രീകൾക്കെതിരെയായ അതിക്രമങ്ങൾ ഇത്രമാത്രം വർദ്ധിക്കുന്നതെന്ന് നമ്മൾ പരിശോധിക്കണം. എല്ലാ വിദേശ രാജ്യങ്ങളിലും അഡ്വാൻസ്ഡ് ആയിട്ടുള്ള രാജ്യങ്ങളിലും സ്ത്രീകൾക്കെതിരായി ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ആളുകളുടെ മാനസികാവസ്ഥയെക്കുറിച്ച് പോലീസ് തന്നെ പഠനം നടത്തും. മഹാമാരിക്കാലത്തെ ലോക്ക് ഡൗണിൽ ആളുകൾ വീട്ടിലിരുന്ന് അവരുടെ മാനസിക അവസ്ഥയെ വികലമാക്കിയിട്ടുണ്ടോ? ഇത് നമ്മൾ ഗൗരവമായി ചർച്ച ചെയ്യേണ്ടേ? വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗത്തെക്കുറിച്ചും ഇന്നലെ ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിക്കുവേണ്ടി നിയമസഭയിൽ ഉത്തരം കൊടുത്തു. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗം കുറഞ്ഞുവരുന്നു; മയക്കുമരുന്നിന്റെ ഉപയോഗം ഗണ്യമായി കൂടുന്നു. മയക്കുമരുന്ന് ഉണ്ടാക്കുന്ന ക്രൈം നമ്മൾ ഉദ്ദേശിക്കുന്നതിനുമപ്പുറമാണ്. നമ്മൾ പ്രതീക്ഷിക്കാത്ത ആളുകൾ

മയക്കമരുന്ന് കഴിച്ചുകഴിഞ്ഞാൽ അവർ വേറെ മനുഷ്യരായി മാറുകയാണ്. കുടുംബത്തിൽപോലും കുറ്റകൃത്യങ്ങൾ നടക്കുകയാണ്. കുടുംബത്തിനകത്ത് പുറത്തുവരാത്ത കുറ്റകൃത്യങ്ങൾ ഈ ഡ്രഗ്സ്സിന്റെ പേരിൽ നടക്കുകയാണ്. ഇപ്പോൾ കുട്ടികൾക്ക് darknet addiction ഉണ്ട്. ഒരു സ്ത്രീ 12 വയസ്സുള്ള എന്റെ മകൻ ഏത് സമയത്തും മൊബൈലിൽ നോക്കിക്കൊണ്ടിരുന്ന് ഒരു പ്രത്യേക കളി കളിക്കുകയാണെന്ന് എന്നെ വിളിച്ചുപറഞ്ഞു. അവനിൽ നിന്ന് മൊബൈൽ വാങ്ങിയാൽ ആത്മഹത്യ ചെയ്യുമെന്നാണ് പറയുന്നത്. ഞാൻ എന്ത് ചെയ്യുമെന്ന് രാത്രി 12 മണിക്ക് എന്നെ വിളിച്ചുപറഞ്ഞ് ഒരു അമ്മ കരയുകയാണ്. ഈ darknet addiction വലിയ വിഷയമായി കുട്ടികളുടെ ഇടയിൽ മാറുകയാണ്. സോഷ്യൽ മീഡിയയുടെ തെറ്റായ തരത്തിലുള്ള ഇൻഫ്ലുവൻസ് കുട്ടികളെയും ചെറുപ്പക്കാരെയും സ്വാധീനിക്കുകയാണ്.

അതുപോലെതന്നെ നീതിനിർവ്വഹണത്തിലെ കെടുകാര്യസ്ഥത, പോലീസ് സ്റ്റേഷനിൽ ഒരു പെൺകുട്ടി കേസുമായി ചെന്നാൽ ആദ്യം അവളെ പരിഹസിക്കുകയാണ്. അതായത് അതൊരു prejudice ആണ്, ഒരു മുൻവിധിയാണ്. ഇത്തരം കുറ്റകൃത്യങ്ങളിൽ ഇരകളാക്കപ്പെടുന്ന

പെൺകുട്ടികളുടെ സ്ത്രീകളുടെ പഴയ പാസ്റ്റാണ് ഇവർ അന്വേഷിക്കുന്നത്. അല്ലെങ്കിൽ അവരുടെ കുടുംബപശ്ചാത്തലമാണ് അന്വേഷിക്കുന്നത്. അവൾ ആൾ ശരിയല്ല; അല്ലെങ്കിൽ അവൾ തെറ്റായ വഴിയിലൂടെ സഞ്ചരിക്കുന്നവളാണ് എന്നൊരു മുൻവിധിയാണ്. ഓരോരുത്തരും ഓരോ സാഹചര്യത്തിലല്ലേ ചെന്നുപെടുന്നത്. മാത്രമല്ല, ടീനേജേഴ്സിന്റെ പ്രശ്നം, അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയുടെ ഘട്ടമാണ്. അവർ ആരുടെ കെണിയിലും വീണുപോകും. നമ്മൾ ആ കുട്ടികളെ കുറ്റപ്പെടുത്തുന്നത് എന്തിനാണ്? അത് പ്രായത്തിന്റെ പ്രശ്നമാണ്. ആ പ്രായത്തിൽ അവർ ജീവിക്കുന്ന സാഹചര്യങ്ങളിൽ അടച്ചുറപ്പില്ലാത്ത വീട്ടിൽ താമസിക്കുമ്പോൾ കോളനികളിൽ താമസിക്കുമ്പോൾ... ഞാൻ വണ്ടിപ്പെരിയാറിൽ പോയതാണ്. ഒരു സുരക്ഷിതത്വവുമില്ലാത്ത സ്ഥലത്താണ് കെട്ടിത്തൂക്കപ്പെട്ട ആ കുഞ്ഞ് താമസിച്ചിരുന്നത്. അവർ താമസിക്കുന്ന ഇടങ്ങളിലുള്ള അരക്ഷിതാവസ്ഥ ഇതെല്ലാം ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. എല്ലാവരും അടച്ചുറപ്പുള്ള വീട്ടിലല്ലല്ലോ താമസിക്കുന്നത്. അടച്ചുറപ്പുള്ള വീട്ടിൽ താമസിക്കുന്ന കുട്ടികൾപോലും ഇറങ്ങിപ്പോകുന്ന പലതരത്തിലുള്ള external influence ഉണ്ടാകുകയാണ്. ഇത് വളരെ ഗൗരവത്തോടുകൂടി നമുക്ക്...

സ്ത്രീകൾക്ക് ഒരു തുല്യനീതി കൊടുക്കാതെ, ഒരു സ്ത്രീ നടന്നുപോകുമ്പോൾ അത് ചരക്കാണെന്നാണ് പറയുന്നത്. ചരക്ക് എന്നുപറഞ്ഞാൽ കമ്മോഡിറ്റിയാണെന്നാണ്, എന്തോ ഒരു വില്പന വസ്തുവാണെന്നുള്ളതുപോലെയാണ്. ഒരു തുല്യനീതിയോ തുല്യപങ്കാളിത്തമോ കൊടുക്കാതെ ഒരു കമ്മോഡിറ്റിയായി സ്ത്രീയെ കാണുന്ന ഒരു സമീപനം നമുക്കില്ലേ; കുടുംബത്തിനുള്ളിൽ നടക്കുന്ന അതിക്രമങ്ങൾ വളരെയധികം വർദ്ധിച്ചുവരുന്നില്ലേ? നമ്മൾ എത്ര വലിയ ആളുകളാണെന്ന് പറഞ്ഞാലും നമ്മുടെ ഈ ആണത്ത അധികാരം വല്ലാതെ ത്രസിച്ചുനിൽക്കുന്ന ഒരു പാട്രിയാർക്കിക്കൽ സൊസൈറ്റിയാണ് കേരളം. നമ്മുടെ മൈൻഡ് സെറ്റ് തന്നെ സ്ത്രീ വിരുദ്ധമാണ്. പലപ്പോഴും കേരളം തന്നെ സ്ത്രീവിരുദ്ധമാണോയെന്ന് നമുക്ക് തോന്നിപ്പോകുന്ന തരത്തിലുള്ള വാക്കുകളും പ്രയോഗങ്ങളും ചിന്തകളുമാണുള്ളത്. ഇതിനെല്ലാം മാറ്റം വരണം. ഇരയാണ് വിചാരണ ചെയ്യപ്പെടുന്നത്.

തിരുവനന്തപുരത്തെ ഒരു പെൺകുട്ടിയുടെ വിഷയം ഞങ്ങൾ നിയമസഭയിൽ ഉന്നയിച്ചു. യഥാർത്ഥത്തിൽ സമൂഹമാധ്യമങ്ങളിലും ആളുകളുടെ സ്വകാര്യചർച്ചകളിലും ആ ഇരയായ പെൺകുട്ടി, അമ്മയാണ്

വിചാരണ ചെയ്യപ്പെടുന്നത്. അവരുടെ പശ്ചാത്തലം; എങ്ങനെ കുട്ടി ഉണ്ടായി; ഏത് സാഹചര്യത്തിലുണ്ടായി; ഇതൊക്കെ ഓരോ സാഹചര്യങ്ങളാണ്. ചെന്നുപെടുന്ന പശ്ചാത്തലങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളാണ്. ഇരകളായി മാറ്റപ്പെടുന്നവരെ വിചാരണ ചെയ്യുകയാണ് പൊതുസമൂഹവും പോലീസും. പോലീസിനെക്കുറിച്ച് ഞാൻ പറഞ്ഞല്ലോ, പരിഹാസത്തിലാണ് സംസാരിക്കുന്നത്. ഇത്തരം കേസുകളെപ്പറ്റി അന്വേഷിക്കുമ്പോൾ നാവിൽനിന്ന്... എല്ലാ ഉദ്യോഗസ്ഥന്മാരും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. പല ഉദ്യോഗസ്ഥന്മാരുടെയും നാവിൽ നിന്ന് വരുന്ന വാക്കുകൾ അവരെ വളരെ മോശക്കാരാക്കുകയാണ്. ഇത് ദിവസവും വർദ്ധിച്ചുവരുന്നതോടുകൂടി ഇതൊരു സാധാരണ ക്രൈം ആയി സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ മാറുകയാണ്. സാധാരണ ക്രൈം ഇന്നലെ അവിടെയുണ്ടായി ഇന്ന് ഇവിടെയുണ്ടായി എന്നൊക്കെ. പത്രങ്ങൾ വായിക്കുമ്പോൾ പണ്ട് ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുമ്പോൾ വളരെ ശ്രദ്ധയോടുകൂടി നമ്മൾ വായിക്കും. മീഡിയ ഏതെങ്കിലും ഹൈലൈറ്റ് ചെയ്ത് വലിയ സംഭവമാക്കി പറഞ്ഞാൽ മാത്രം നമ്മൾ അത് ശ്രദ്ധിക്കും. ഇല്ലെങ്കിൽ പത്രത്തിന്റെയോ ടി.വി-യുടെയോ ഏതെങ്കിലും ന്യൂസിൽ

കിടക്കുന്ന ഒരു സംഭവമായി മാറും. ഈ നാണംകെട്ട സംഭവപരമ്പരകൾ എല്ലാ തലത്തിലുമുണ്ട്. ഈ കേസുകളെല്ലാം റിപ്പോർട്ട് ചെയ്യപ്പെടണമെന്ന് നമുക്ക് ഉറപ്പുവരുത്താം. ഉടനടി തുറന്നുപറയാൻ സ്ത്രീകൾക്ക് അതിന്റേതായ ഇടവും പിന്തുണയും സ്വകാര്യതയും നിയമപരിരക്ഷയും ഉറപ്പുവരുത്തണം. സ്ത്രീകൾക്കെതിരായുള്ള ഒരു തരത്തിലുള്ള അക്രമവും കേരളസമൂഹം വച്ചുപൊറുപ്പിക്കില്ലായെന്നുള്ള ഒരു നിലപാട് നമുക്ക് വേണം. കാഴ്ചപ്പാടിൽ പ്രതികരണത്തിൽ എല്ലാം നമ്മുടെ സമൂഹത്തിനെ മാറ്റണം. കുറ്റകൃത്യങ്ങളിൽ പോലീസ് വിട്ടുവീഴ്ചയില്ലാത്ത നടപടികൾ സ്വീകരിക്കണം. എല്ലാ പരാതികളും ശരിയായിക്കൊള്ളണമെന്നില്ല. പോലീസ് അന്വേഷിക്കട്ടെ, പോലീസ് ഒരു പ്രാഥമികമായ അന്വേഷണം നടത്തിയാൽതന്നെ എല്ലാ പരാതികളും ജെനുവിനാണോയെന്ന് ബോദ്ധ്യപ്പെട്ടിട്ടുമതി അന്വേഷണം. അല്ലാതെ നിരപരാധികളെ കുരുക്കേണ്ട ആവശ്യമില്ല. ചിലപ്പോൾ വെറുതെയും ആരെയെങ്കിലും കുരുക്കാൻവേണ്ടിയുള്ള പരാതികൾ വരാം. പോലീസ് പ്രാഥമികമായ ഒരു അന്വേഷണം നടത്തി യഥാർത്ഥത്തിൽ ഒരു അക്രമത്തിന് സ്ത്രീ ഇരയായി മാറിയിട്ടുണ്ടോ; ഇരയായി മാറിയിട്ടുണ്ടെങ്കിൽ അവിടെ വിട്ടുവീഴ്ചയില്ലാത്ത ഒരു നിലപാട് എല്ലാവരും സ്ത്രീകൾക്കൊപ്പം

ഉറപ്പോടെ നിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം നമുക്കുണ്ടാകണം. പോലീസിനെ കോടതിയെ സമൂഹത്തെ പൊതുപ്രവർത്തകരെ രാഷ്ട്രീയ സാമൂഹ്യസംഘടനകളെ ഇത്തരം ക്രിമിനലുകൾ ഭയക്കുന്ന സ്ഥിതിയുണ്ടാകണം. പോലീസിനെക്കുറിച്ച്, ഞങ്ങൾ ഒരു കുറ്റം ചെയ്താൽ തീർച്ചയായും പോലീസ് അത് അന്വേഷിച്ച് കോടതിയിൽ കൊണ്ടുപോയി ഞങ്ങളെ ശിക്ഷിക്കും. അങ്ങനെയൊരു ഭയം പോലീസിനെക്കുറിച്ചുണ്ട്. അത് കുറ്റകൃത്യം നടത്തുന്നതിൽ നിന്ന് ആളുകളെ പിൻമാറ്റുന്ന ഒരു വലിയ സംഭവമാണ്. പോലീസ് അന്വേഷണം മാത്രമല്ല, കുറ്റകൃത്യം ചെയ്താൽ പോലീസ് കൃത്യമായി നടപടിയെടുത്തിരിക്കും എന്നുള്ള ഒരു ഭയം, എന്റെ ജീവിതം ജയിലിലായിരിക്കും പൊതുസമൂഹം എനിക്ക് റോഡിലൂടെ നടക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കും എന്നുവേണം കരുതാൻ. പൊതുസമൂഹം, രാഷ്ട്രീയ പ്രവർത്തകർ, പൊതുപ്രവർത്തകർ എല്ലാവരെയും ക്രിമിനലുകൾ ഭയക്കുന്ന ഒരു സാഹചര്യത്തിലേയ്ക്ക് പോകണം. ഇന്ന് നമ്മൾ കൊണ്ടുപോകുന്ന ഒരു രീതിയെന്ന് പറയുന്നത്, വർദ്ധിച്ചുവരുന്ന ഈ അക്രമങ്ങൾ നമുക്ക് തടയിടാൻ കഴിയാത്ത രീതിയിലേയ്ക്കാണ് പോകുന്നത്. ഞങ്ങൾ ഈ നോട്ടീസ് കൊണ്ടുവന്നത് ഈ സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യണമെന്നുള്ളതാണ്.

കോട്ടയത്തെ AISF-ന്റെ സംസ്ഥാന നേതാവ്, ആ പെൺകുട്ടി അപമാനിക്കപ്പെട്ടിട്ട് പോലീസ് ഇതുവരെ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. ഇന്നലെ ഇവിടെ യൂത്ത് കോൺഗ്രസ്സ് പ്രവർത്തകർ മാർച്ച് ചെയ്തപ്പോൾ 7 പെൺകുട്ടികളെ ജയിലിലാക്കി. അതിൽ രണ്ട് പെൺകുട്ടികൾ മുലപ്പാൽ കുടിക്കുന്ന കുഞ്ഞുങ്ങളുള്ള അമ്മമാരാണ്. ഞാൻ ഇന്നലെ ജയിലിൽ പോയി ആ 7 പെൺകുട്ടികളെയും കണ്ടു. AISF-നേതാവിനെ ആക്രമിച്ച കേസിൽ പോലീസ് കൃത്യമായി എഫ്.ഐ.ആർ എടുത്ത് ഏതെങ്കിലും പ്രതിയെ അറസ്റ്റ് ചെയ്തോ; പിന്നെ എന്താണ് പോലീസ് ചെയ്യുന്നത്? ഇഷ്ടമുള്ള കേസുകളിൽ ചെയ്യും; ഇഷ്ടപ്പെടാത്ത കേസുകളിൽ പ്രതികളാക്കും; അല്ലാത്ത കേസുകളിൽ അന്വേഷിക്കില്ലായെന്നുള്ള ഒരു നിലപാട്; ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ശരിയല്ല; ഇതിൽ അനീതിയുണ്ട്; മുൻവിധിയുണ്ട്. അതുകൊണ്ട് പോലീസ് ശരിയാണ്; കേരളത്തിൽ കുഴപ്പമൊന്നുമില്ല; ഒറ്റപ്പെട്ട കുറേ സംഭവങ്ങൾ നടക്കുന്നു; എന്നുള്ള നിലപാട് പോലീസിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുന്നതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഈ വിഷയം

ഗൗരവതരമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചും ഈ വിഷയം നിസ്സാരമാക്കി ഇതൊരു സാധാരണ ക്രൈം പോലെയാക്കി മാറ്റാൻ വേണ്ടി നടത്തിയ ശ്രമത്തിലും ഞങ്ങൾ പ്രതിഷേധിക്കുന്നു; ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന്പുറത്തുപോയി).

ഡോ. എം. കെ. മുനീർ: സർ, ഈ സർക്കാരുകളിൽ നിന്നും സ്ത്രീകൾക്ക് നീതി കിട്ടാൻ സാധ്യതയില്ലെന്ന ദീർഘവീക്ഷണത്തോടെ നിങ്ങൾ ഇതൊക്കെ അനുഭവിച്ചോളൂ എന്ന് ആദ്യം പറഞ്ഞത് പഴയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ ജോസഫൈനാണ്. ഇവിടെയുള്ള സ്ത്രീകൾ ഇതെല്ലാം അനുഭവിച്ചോളൂ എന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ഞാൻ ഒരു ചെറിയ കണക്ക് പറയാം. 2020-ൽ Cruelty by husband and relatives cases 2707 ആണ്. 2021 ആഗസ്റ്റ് ആയപ്പോൾ അത് 2721 ആയി. 2020-ൽ Dowry death 6 ആണെങ്കിൽ

2021-ൽ അത് 8 ആയി മാറി. ഞാൻ ഒന്നും പറയുന്നില്ല. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് സ്ത്രീ സുരക്ഷയ്ക്കുവേണ്ടി വനിതാ മതിലിൽ ശക്തമായി നിന്ന ഒരു പെൺകുട്ടിക്ക് ഈ ഗവൺമെന്റായപ്പോൾ സെക്രട്ടേറിയറ്റിന് മുമ്പിൽ 'കേരളമേ ലജ്ജിക്കു' എന്ന പ്ലക്കാർഡുമായി നിൽക്കേണ്ടിവന്ന ഗതികേട് നമ്മൾ ആലോചിക്കണം.

മി. സ്പീക്കർ: അങ്ങേയ്ക്ക് വാക്കൗട്ട് പ്രഖ്യാപിക്കാം. വിശദമായ പ്രസംഗത്തിലേക്ക് പോകരുത്.

ഡോ. എം. കെ. മുനീർ: സർ, എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ഞാൻ എൽ.എസ്.ജി.ഡി. മിനിസ്റ്റർ ആയിരുന്നപ്പോൾ ജാഗ്രതാ സമിതികളെ സ്റ്റാറ്റ്യൂട്ടറി ബോഡിയാക്കണമെന്ന് പറഞ്ഞ് കൊണ്ടുവന്ന ഒരു ഓർഡിനൻസ് നിലനിൽക്കുന്നുണ്ട്. അത് വന്നുകഴിഞ്ഞാൽ പ്രാദേശിക തലത്തിൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഓർഡിനൻസ് പരിശോധിച്ച് ജാഗ്രതാ സമിതികളെ സ്റ്റാറ്റ്യൂട്ടറി ബോഡികളായി പ്രഖ്യാപിക്കുന്നതിനുള്ള തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ വിഷയം കൃത്യമായി ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ടും ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന നിർഭാഗ്യകരമായ സംഭവങ്ങൾ സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്ന ആശങ്കാജനകമായ സാഹചര്യമാണ് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിക്ഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി).

ശ്രീ. അനൂപ് ജേക്കബ്: സർ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ സഭ ചർച്ച ചെയ്യേണ്ടിയിരുന്നു. പ്രമേയാവതാരകൻ സംസാരിച്ചപ്പോൾ തന്നെ അവിടെ നിന്നും ഒരുപാട് ശബ്ദങ്ങൾ ഉയർന്നു. ഈ വിഷയം ചർച്ച ചെയ്തിരുന്നെങ്കിൽ അവർക്കുംകൂടി സംസാരിക്കേണ്ട അവസരം കിട്ടുമായിരുന്നു. ഇതൊരു പൊതു വിഷയമാണ്. ചില പോലീസ് ഉദ്യോഗസ്ഥന്മാർ ഇക്കാര്യങ്ങളിൽ easy going സമീപനം

സ്വീകരിക്കുന്നുവെന്നത് വാസ്തവമാണ്. അത് തീർച്ചയായിട്ടും ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കുകയാണ്. ഈ വിഷയങ്ങൾ ആവർത്തിച്ചുവരുന്നത് ഗവൺമെന്റ് കൂടുതൽ ഗൗരവമായി കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിക്ഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി).

ശ്രീമതി കെ. കെ. രമ: സർ, ഏതെങ്കിലും കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. ഞാൻ ഒരു വിഷയം മാത്രം സൂചിപ്പിക്കുകയാണ്.

മി. സ്പീക്കർ: അങ്ങ് വാക്കൗട്ട് പ്രഖ്യാപിക്കൂ. വിഷയം ചർച്ച ചെയ്യുന്നില്ലല്ലോ. അടിയന്തരപ്രമേയം ഡിസ്പോസ് ചെയ്തതാണ്.

ശ്രീമതി കെ. കെ. രമ: സർ, തൃശ്ശൂർ ജില്ലയിലെ അന്തിക്കാട് പോലീസ് സ്റ്റേഷൻ പരിധിയിൽ വിവാഹം കഴിഞ്ഞ് പതിനാലാമത്തെ ദിവസം ഒരു പെൺകുട്ടി കൊലചെയ്യപ്പെട്ടിരുന്നു. ആ കേസിനെപ്പറ്റി പോലീസ് ഒരന്വേഷണവും നടത്തിയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കേസ്

അന്വേഷിക്കുന്നതിന് ഉത്തരവ് നൽകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു വർഷവും 11 മാസവുമായിട്ടും ടി കേസുമായി ബന്ധപ്പെട്ട് ഒരു പ്രതിയെയും അറസ്റ്റ് ചെയ്തിട്ടില്ല. ഇത്തരം നിരവധി സംഭവങ്ങളുണ്ട്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ.കെ. രമ സഭയിൽനിന്ന് പുറത്തുപോയി).

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനു ശേഷം സഭയിൽ വീണ്ടും ഹാജരായി.)